AKPCTA

# Kerala Private College Teacher

No. 59

OCTOBER 1985

---

ഒക്ടോബർ 29

സേവനഭദ്രതാദിനം

---

നവംബർ 12

സെനററ് ഉപതെരഞ്ഞെടുപ്പ്

---

നവംബർ 16

സേവനഭദ്രതയ്ക്കുവേണ്ടി

സെക്രട്ടേറിയററു പടിയ്ക്കൽ

സ്ററാഫ് കൗൺസിൽ അംഗങ്ങളുടെ ഉപവാസം

---

നവംബർ 19

സ്ഥലംമാററ ദ്രോഹത്തിനെതിരെ

എൻ. എസ്. എസ്. കോളേജുകൾക്കുമുമ്പിൽ ധർണ്ണ

---

# Kerala Private College Teacher

**AKPCTA Journal**

October
1985

**NO. 59**

Re. 1

Annual Subscription Rs. 10

*Editorial Board*

*Chairman*
**T. Gopalakrishnan**

*Chief Editor*
**V. N. Murali**

*Members*
V. Narayanan Kutty
T K G Nair,
Nanniyodu Ramachandran,
R. Raveendran Nair,
N. N Anandan,
K. N. Ganesh
Thankan P. Tholicodu
N. P. Hafeez Muhammed

Address:

*Chief Editor*
*Vasantham,*
*Chempakasserry Nagar,*
*Kesavadasapurm,*
*Trivandrum-4*

## പ്രൊഫ. എം. കെ. ഗംഗാധരന് ചെറുകാടവാർഡ്

1985 ലെ ചെറുകാടവാർഡിന് പ്രൊഫ. എം. കെ. ഗംഗാധരന്റെ 'കൂടുവിട്ടവർ കൂട്ടം തെറ്റിയവർ' എന്ന നോവൽ അർഹമായി. ധനുവച്ചപുരം വി. ടി. എം. എൻ. എസ്. എസ്. കോളേജ് അധ്യാപകനും എ. കെ. പി. സി. ടി എ. സംസ്ഥാനകൗൺസിൽ അംഗവുമാണ് പ്രൊഫ. ഗംഗാധരൻ.

ശ്രീ. സി. വി. ശ്രീരാമൻ, ശ്രീ. പി. ഗോവിന്ദപ്പിള്ള, ഡോ. എം. എസ്. മേനോൻ എന്നിവരടങ്ങുന്ന ജഡ്ജിങ്ങ് കമ്മിറ്റിയാണ് തെരഞ്ഞെടുപ്പുനടത്തിയത്. വിപ്ലവപ്രസ്ഥാനത്തിന്റെ ധാരയിൽ നിന്നും കൂട്ടം തെറ്റിപ്പോയ രാഷ്ട്രീയ പ്രവർത്തകരുടെ പതനം ശക്തിയായി ചിത്രീകരിക്കുന്ന നോവലാണ് 'കൂടുവിട്ടവർ കൂട്ടം തെറ്റിയവർ'.

രണ്ടായിരം രൂപയും പ്രശസ്തി പത്രവും അടങ്ങുന്ന അവാർഡ് ഒക്ടോബർ 28ന് പാലക്കാട്ടുവച്ച് നൽകും.

# കോളേജധ്യാപക സംയുക്ത സമരസമിതി

## പ്രൊഫ. ടി. ഗോപാലകൃഷ്ണൻ ചെയർമാൻ

കേരളത്തിലെ സ്വകാര്യ കോളേജധ്യാപകരുടേയും സർക്കാർ കോളേജധ്യാപകരുടേയും ഐക്യവേദിയായ 'സംയുക്ത സമരസമിതി'യുടെ പുതിയ ചെയർമാനായി എ. കെ. പി സി ടി എ പ്രസിഡന്റ് പ്രൊഫ. ടി. ഗോപാലകൃഷ്ണനെ തെരഞ്ഞെടുത്തു. എ കെ ജി സി ടി ജനറൽ സെക്രട്ടറി പ്രൊഫ. കെ. വി. ജോർജ്, എ കെ പി സി ടി എ ജനറൽ സെക്രട്ടറി പ്രൊഫ. വി. നാരായണൻ കുട്ടി എന്നിവരാണ് പുതിയ കൺവീനർമാർ.

# തോക്കും ലാത്തിയുമായിവന്നവരെ പരാജയപ്പെടുത്തി
# വിജയിച്ച വിദ്യാർഥി സമരം

കേരളത്തിലെ വിദ്യാഭ്യാസക്കച്ചവടത്തിന്റെ തലയ്ക്ക് അതിശക്തമായ പ്രഹരം ഏൽപിച്ചുകൊണ്ടാണ് വിദ്യാർഥി സമരം വിജയിച്ചിരിക്കുന്നത്. മനഃസാക്ഷിയുള്ള എല്ലാവരുടേയും സർവ്വവിധ പിൻതുണയും ആർജിച്ചു വിജയിച്ച ഈ സമരം അവകാശസമരങ്ങൾക്ക് പുതിയ മാനം തന്നെ കുറിച്ചിരിക്കുന്നു.

തുടക്കം മുതലേ സമരത്തിനെതിരേ വീരവാദങ്ങളും അട്ടഹാസങ്ങളുമാണ് സർക്കാർ ഭാഗത്തുനിന്നുണ്ടായിരുന്നത്. കഴിഞ്ഞവർഷം അങ്കമാലി ആശുപത്രിയിൽ കോഴ്സ് അനുവദിക്കുന്നതിൽ സർക്കാരിനുണ്ടായ പരാജയം പോളിടെക്നിക്കുകളും ആയുർവ്വേദ കോളേജും അനുവദിക്കുന്നതിൽ ആവർത്തിക്കാനാവില്ല എന്ന പിടിവാശിയിലായിരുന്നു സർക്കാർ നീക്കം. അതുകൊണ്ട് എല്ലാ അടവുകളും പയററാൻ തന്നെ അവർ തീരുമാനിച്ചു. പൊതുജനാഭിപ്രായവും പത്രാഭിപ്രായവും സർക്കാരിനനുകൂലമാക്കാൻ ശ്രമിച്ചു. രക്ഷാകർത്താക്കളേയും അധ്യാപകരേയും സമരത്തിനെതിരേ തിരിക്കാൻ നോക്കി. പക്ഷേ ഈ അടവുകളെല്ലാം പരാജയപ്പെടുകയാണുണ്ടായത്.

ഇത്രയധികം പോലീസ് മർദ്ദനം മറെറാരു സമരത്തിന്റെ നേർക്കും അടുത്തകാലത്ത് ഉണ്ടായിക്കാണില്ല. നൂറോളം ലാത്തിച്ചാർജുകളാണ് ഈ സമരത്തിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം നടത്തിയത്. തിരുവനന്തപുരത്ത് വിദ്യാർഥിപ്രകടനത്തിനകത്ത് മഫ്ടി പോലീസിനെ കടത്തിവിട്ട് കുഴപ്പമുണ്ടാക്കിയത് പോലീസ് കാടത്തത്തിന്റെ മറെറാരു മുഖമാണ്. ജനാധിപത്യാവകാശങ്ങൾ സ്ഥാപിച്ചുകിട്ടാൻ ജനങ്ങൾ നടത്തുന്ന സമരത്തിനകത്ത് മഫ്ടിപോലീസിനെ കടത്തിവിടുന്നവരുടെ തലച്ചോറിൽ സ്വേഛാധിപത്യത്തിന്റെ പുഴുക്കളാണ് ഇഴയുന്നത്. എത്രയെത്ര വിദ്യാർഥികളുടെ ആരോഗ്യം ഈ നരാധമൻമാർ തകർത്തെറിഞ്ഞു! എന്നാൽ തോക്കും ലാത്തിയുംകൊണ്ട് അവകാശ സമരങ്ങളെ കീഴടക്കാനാവില്ലെന്ന് ഇപ്പോഴെങ്കിലും അവർ മനസ്സിലാക്കട്ടെ.

വിദ്യാർഥികൾ മാത്രമല്ല, അധ്യാപകർ, സാംസ്കാരിക പ്രവർത്തകർ--എല്ലാവരും ഒരുമിച്ചുനിന്നുപൊരുതിയെന്നതാണ് ഈ സമരത്തിന്റെ പ്രത്യേകത. പഠിക്കാൻ ചെല്ലുമ്പോഴും പഠിപ്പിക്കാൻ ചെല്ലുമ്പോഴും കോഴക്കായി കൈനീട്ടുന്ന മാനേജർ സേവനത്തിന്റെ പ്രതീകമല്ല മറിച്ച് ചൂഷണത്തിന്റേതാണെന്ന് ഉറക്കെ പ്രഖ്യാപിക്കാൻ പ്രൈവററ് കോളേജധ്യാപകരുടെ സംഘടിത പ്രസ്ഥാനമായ എ കെ പി സി ടി എയിലെ അംഗങ്ങൾക്ക് കഴിവുണ്ട്.

കഴിഞ്ഞ 27 ദിവസം സംസ്ഥാനത്തുടനീളം ധീരമായ സമരം അൽപംപോലും തളരാതെ നടത്തി വിജയത്തിലെത്തിച്ച വിദ്യാർഥി സംയുക്ത സമരസമിതിയെ എ.കെ. പി സി. ടി. എ. അനുമോദിക്കുന്നു. മൗലികമായ പ്രശ്നങ്ങളുന്നയിച്ചുകൊണ്ടുള്ള സമരങ്ങളുടെ തുടക്കം മാത്രമാണിത്. വിദ്യാഭ്യാസമേഖല അഴിമതി വിമുക്തമാക്കാനുള്ള പോരാട്ടം ഇനിയും നമുക്ക് മുന്നോട്ടു കൊണ്ടുപോകാം. □

# പുത്തൻ വിദ്യാഭ്യാസനയം

## —ജനങ്ങളോടുള്ള വെല്ലുവിളി

'വിദ്യാഭ്യാസത്തിന്റെ വെല്ലുവിളികൾ—നയപരമായ ഒരു പരിപ്രേക്ഷ്യം' എന്ന പേരിലുള്ള കരടുരേഖ, കഴിഞ്ഞ മുപ്പത്തിഎട്ടുവർഷമായി ഇന്ത്യയിൽ നിലനിന്നുപോന്ന വിദ്യാഭ്യാസനയം വികലവും വിവേകശൂന്യവുമായിരുന്നുവെന്ന തുറന്ന കുററസമ്മതമാണ് നടത്തുന്നത്. രേഖയുടെ ആദ്യത്തെ മൂന്നധ്യായങ്ങൾ

(1. വിദ്യാഭ്യാസം, സമൂഹം, വികസനം.
2. വിദ്യാഭ്യാസവികസനം—ഒരവലോകനം.
3. വിമർശനപരമായ ഒരു വിലയിരുത്തൽ)
ഇന്നോളമുണ്ടായ വീഴ്ചകളുടെ വിവരണമടങ്ങുന്നതാണ്.

16—വയസ്സിനുതാഴെയുള്ള മുഴുവൻ കുട്ടികൾക്കും നിർബന്ധിതവും സൗജന്യവുമായ വിദ്യാഭ്യാസം 1960 നു മുമ്പു നൽകണമെന്ന് ഭരണഘടനയിൽ അനുശാസിക്കുന്നുണ്ട്. എന്നാൽ ഈ രംഗത്തുണ്ടായ പുരോഗതി ലക്ഷ്യത്തിൽ നിന്നു വളരെ അകലെയാണെന്നു രേഖ തുറന്നു പറയുന്നു. (3.6) ചില കണക്കുകൾ നോക്കുക: ഇന്ത്യയിലാകെയുള്ള ഗ്രാമങ്ങളിൽ അഞ്ചിലൊന്നിന് ഇത്രയും വർഷം കഴിഞ്ഞിട്ടും പ്രൈമറി വിദ്യാലയങ്ങൾ പോലുമില്ല. സ്കൂളുകൾ ഉള്ളിടത്ത് നാൽപതു ശതമാനത്തിനും നല്ല കെട്ടിടങ്ങളില്ല. അറുപതു ശതമാനത്തിന് ശുദ്ധജലസൗകര്യമില്ല. മുപ്പത്തഞ്ചു ശതമാനം ഏകാധ്യാപകവിദ്യാലയങ്ങളാണ്—ഈ പരിതാപകരമായ അവസ്ഥ മാററിയെടുക്കണമെന്നാണ് രേഖ പറയുന്നത് (3.7).

ഇന്ത്യയിൽ സാക്ഷരതയല്ല നിരക്ഷരതയാണ് വർദ്ധിച്ചുവരുന്നതെന്നും, ലോകബാങ്കിന്റെ കണക്കനുസരിച്ച് 2000 മാണ്ടാകുമ്പോൾ ലോകത്ത് ഏററവുമധികം നിരക്ഷരരുള്ള രാഷ്ട്രം ഇന്ത്യയായിരിക്കുമെന്നു കാണുന്നു എന്നും രേഖപറയുമ്പോൾ പ്രശ്നത്തിന്റെ ഗൗരവം വ്യക്തമാകുമല്ലോ.

ഈ ഗുരുതരാവസ്ഥയെ നേരിടുന്നതിനു രേഖയിൽ കാണുന്ന ശുപാർശകൾ ഗുണത്തേക്കാളേറെ ദോഷം ചെയ്യുന്നവയാണ്. ഇന്ത്യയെപ്പോലെ മത—ജാതി—വർഗ്ഗീയ സങ്കുചിതത്വം നിലനിൽക്കുന്നിടത്ത് ഒരു ദേശീയ വിദ്യാഭ്യാസ നയം അത്യന്താപേക്ഷിതമാണ്. എന്നാൽ വ്യത്യസ്തഭാഷകൾ, സംസ്കാരം, ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ എല്ലാം പരിഗണിച്ചുകൊണ്ടേ അതു നടപ്പിലാക്കാവൂ. കോത്താരിക്കമ്മീഷൻ ത്രിഭാഷാഫോർമുല ശുപാർശ ചെയ്തത് അതുകൊണ്ടാണ്. ഇപ്പോഴത്തെ രേഖ നയരൂപീകരണത്തിനുള്ള പൂർണ്ണമായ അവകാശം കേന്ദ്രത്തിനും അതുനടപ്പിലാക്കേണ്ട ബാധ്യത സംസ്ഥാനത്തിനും എന്ന സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. വരേണ്യവിദ്യാഭ്യാസ നയത്തിനെതിരെയുള്ള വാദഗതികൾ ഉന്നയിക്കുന്ന രേഖതന്നെ അതു പ്രോൽസാഹിപ്പിക്കുന്നതിനുള്ള നടപടികൾ ശുപാർശ ചെയ്യുന്നു. ജില്ലാ ആസ്ഥാനങ്ങളിൽ 'മോഡൽ' സ്കൂളുകൾ അത്യന്താധുനിക സൗകര്യങ്ങളോടെ തുടങ്ങുവാനുള്ള ശുപാർശയാണ് രേഖയിലുള്ളത്. ഇത് വിദ്യാഭ്യാസത്തിനായി ഇന്നു നീക്കിവയ്ക്കുന്ന പരിമിതമായ പണം പോലും മോഡൽ സ്കൂളിന് ചെലവഴിക്കാനും ഗ്രാമീണ സ്കൂളുകൾ കൂടുതൽ ദരിദ്രമാക്കാനും ഇടയാക്കുമെന്നത് വ്യക്തം.

രണ്ടായിരാമാണ്ടോടെ ലോകത്തെമ്പാടുമുള്ള നിരക്ഷരരുടെ 54% ഇന്ത്യയിലായിരിക്കുമെന്ന് രേഖതന്നെ പറയുന്നുണ്ടല്ലോ. പക്ഷെ ഇതിനെ എങ്ങിനെയാണ് നേരിടുക? പുതുതായി വരുന്ന 64 ദശലക്ഷം വിദ്യാർത്ഥികളിൽ 25 ദശലക്ഷത്തിന് ഔപചാരിക

വിദ്യാഭ്യാസവും. ബാക്കി 89 ലക്ഷത്തിന് അനൗപചാരിക വിദ്യാഭ്യാസവും. നൽകാമെന്നാണ്! ഇതിന്റെ അർത്ഥം സാമൂഹ്യസാമ്പത്തിക കാരണങ്ങളാൽ സ്കൂൾവിദ്യാഭ്യാസം പൂർത്തീകരിക്കാൻ കഴിയാത്തവർക്കും സ്കൂളിലേയ്ക്കു പോകാൻ കഴിയാതിരുന്നവർക്കും പറഞ്ഞിരുന്ന അനൗപചാരിക വിദ്യാഭ്യാസം ഇപ്പോൾ സ്കൂളിൽ പഠിക്കേണ്ട പ്രായത്തിലുള്ളവർക്കും പറയുന്നു എന്ന അപഹാസ്യമായ സാഹചര്യം ഉണ്ടായിരിക്കുന്നു എന്നാണ്. ചുരുക്കത്തിൽ ഔപചാരിക വിദ്യാഭ്യാസം വരേണ്യവർഗ്ഗത്തിനും അനൗപചാരികവിദ്യാഭ്യാസം പാവപ്പെട്ടവനും എന്ന വ്യക്തമായ ചേരിതിരിവ് ഉണ്ടാകുന്നു.

ഇതാണ് പ്രാഥമിക–സെക്കൻററി തലത്തിലെ സ്ഥിതിയെങ്കിൽ ഉന്നതവിദ്യാഭ്യാസ രംഗത്തെപ്പററിയുള്ള രേഖയിലെ വിലയിരുത്തലുകൾ കൂടുതൽ അപകടകരമാണ്. ഉന്നതവിദ്യാഭ്യാസ രംഗത്ത് ഇന്നുള്ള തള്ളിക്കയററം നിയന്ത്രിക്കണമെന്ന് രേഖ പറയുന്നു. വാസ്തവത്തിൽ ഇന്ത്യയുടെ ആവശ്യമനുസരിച്ച് ഇനിയും കൂടുതൽ വിദ്യാർത്ഥികൾ ഈ രംഗത്തേയ്ക്ക വരികയാണുവേണ്ടത്. കോത്താരി കമ്മീഷന്റെ അഭിപ്രായത്തിൽ 1985–'86–ൽ 40 ലക്ഷം വിദ്യാർത്ഥികൾ ഉന്നത വിദ്യാഭ്യാസരംഗത്തുണ്ടാകണമെന്നാണ്. ഇന്നുള്ളതോ 32 ലക്ഷത്തിനടുത്തു മാത്രം. അപ്പോൾ അഭ്യസ്ത വിദ്യരുടെ തൊഴിലില്ലായ്മ എന്ന പ്രശ്നം പരിഹരിക്കാൻ കഴിയാത്ത സർക്കാർ പ്രയോഗിക്കുന്ന ഒരു ഗൂഢതന്ത്രമായേ ഈ 'തള്ളിക്കയററ' സിദ്ധാന്തത്തെ കാണാൻ കഴിയൂ. 21–ാം നൂററാണ്ടിൽ വളരെക്കുറച്ചു കമ്പ്യൂട്ടർ കുട്ടികൾ മതിയെന്നായിരിക്കാം! സാമാന്യജനതയെ ഉന്നത വിദ്യാഭ്യാസ രംഗത്തുനിന്നും എങ്ങിനെ ഒഴിവാക്കാം എന്നതാണ് ഈ തന്ത്രത്തിന്റെ പിന്നിലുള്ള നീക്കം. മറെറാന്ന് അമിതമായ സ്വകാര്യവൽകരണത്തിന് രേഖ പ്രോൽസാഹനം നൽകുന്നുവെന്നതാണ്. വിദ്യാഭ്യാസക്കച്ചവടക്കാരെ വെള്ള പൂശി അവതരിപ്പിച്ചിരിക്കുന്നു. ആട്ടോണമസ് കോളേജുകൾക്ക് വാതിൽ തുറന്നിടുന്നു. അതേ സമയം അധ്യാപകരെ ആവുന്നത്ര താഴ്ത്തിക്കെട്ടാനും ശ്രമിക്കുന്നു.

ഏററവും വിചിത്രം വിദ്യാഭ്യാസത്തെ രാഷ്ട്രീയ വിമുക്തമാക്കുന്നതിനെക്കുറിച്ചുള്ള പരാമർശമാണ്. "യുവ പൗരൻമാരെ ജനാധിപത്യ പ്രക്രിയയിൽ ഫലപ്രദമായി പങ്കെടുക്കുന്നതിന് കഴിവുള്ളവരാക്കിത്തീർക്കാൻ രാഷ്ട്രീയവിദ്യാഭ്യാസം അനിവാര്യമാണെ"ന്നു പറയുന്ന രേഖ വിദ്യാഭ്യാസത്തെ രാഷ്ട്രീയവിമുക്തമാക്കാൻ തീവ്രശ്രമം നടത്തണമെന്നും പറയുന്നു. ഇതിനായി നിയമനിർമാണം നടത്തണമെന്ന നിർദ്ദേശവുമുണ്ട്. അതായത് തെരഞ്ഞെടുപ്പുകൾ സർവ്വകലാശാലാ രംഗത്തുനിന്നും ഒഴിവാക്കാനാണ് ശ്രമം.

ജനങ്ങളും ജനാധിപത്യാവകാശങ്ങളും നേരിടുന്ന വലിയൊരു വെല്ലുവിളിയാണ് ഈ പുത്തൻ വിദ്യാഭ്യാസ രേഖ. ഇതിലടങ്ങിയിരിക്കുന്ന ആപത്ത് മുൻകൂട്ടി കണ്ടറിയാനും അതിനെതിരേ പ്രതികരിക്കാനും എല്ലാവരും മുന്നോട്ടു വരേണ്ടതുണ്ട്.

○

---

# AIFUCTO

## ജനറൽ കൗൺസിൽ ഡിസംബറിൽ തിരുവനന്തപുരത്ത്

ഐഫക്റേറായുടെ ജനറൽ കൗൺസിലിന്റെ വിശേഷാൽ യോഗം ഡിസംബറിൽ തിരുവനന്തപുരത്തു ചേരുന്നതാണ്. ആദ്യമായാണ് 'ഐഫക്റേറാ'സമ്മേളനം കേരളത്തിൽ നടക്കുന്നത്.

ഭരണഘടനാഭേദഗതി ചർച്ചചെയ്യാൻ കൂടുന്ന ഈ സമ്മേളനം വിജയിപ്പിക്കാനുള്ള ഒരുക്കങ്ങൾ എകെപിസിടിഎയും എകെജിസിടിയും സംയുക്തമായി ആരംഭിച്ചിട്ടുണ്ട്.

---

# നവംബർ 19 ന്
## എൻ.എസ്.എസ്. കോളേജുകൾക്കുമുമ്പിൽ ധർണ

# സ്ഥലംമാററ ദ്രോഹം അവസാനിപ്പിക്കുക

അധ്യയനവർഷത്തിൻെറ മധ്യത്തിൽ എൻ. എസ്. എസ്. കോളേജധ്യാപകരെ മാനേജ്മെൻറ് കൂട്ടത്തോടെ സ്ഥലം മാററിയിരിക്കയാണ്. സ്ഥലം മാററങ്ങളിൽ പാലിക്കേണ്ട എല്ലാ തത്വങ്ങളും ബലികഴിച്ചുകൊണ്ടുള്ള വലിയൊരു ലിസ്ററാണ് പുറത്തിറക്കിയിരിക്കുന്നത്. വളരെ വർഷങ്ങളായി സ്ഥലം മാററം കാത്തുകഴിയുന്ന അർഹതപ്പെട്ട അധ്യാപകർക്ക് മാററം നൽകിയില്ലെന്നു മാത്രമല്ല അവരെ വീണ്ടും അസൗകര്യമായ സ്ഥലങ്ങളിലേയ്ക്ക് മാററിയിരിക്കുന്നു. മലബാർ ഭാഗത്ത് നിരവധി വർഷങ്ങളായി ജോലിനോക്കിവരുന്ന അധ്യാപകരുടെ പ്രശ്നം പരിഗണിക്കപോലുമുണ്ടായില്ല. അഴിമതിക്കാരായ ചില പ്രിൻസിപ്പൽമാരുടെ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിലും അധ്യാപകരെ മാററുന്ന വിചിത്രമായ നടപടി മാനേജ്മെൻറ് എടുത്തിരിക്കയാണ്.

തത്വാധിഷ്ഠിതമായി സ്ഥലം മാററം നടത്തുമെന്ന് സംഘടനയ്ക്ക് വാഗ്ദാനം നൽകിയ മാനേജ്മെൻറ് അതിനു കടകവിരുദ്ധമായി പ്രവർത്തിച്ചതിൽ പ്രതിഷേധിച്ചു, സ്ഥലം മാററങ്ങൾക്ക് മാനദണ്ഡം ഉണ്ടാക്കണമെന്ന് ആവശ്യപ്പെട്ടും എല്ലാ എൻ. എസ്. എസ്. കോളേജുകൾക്കു മുമ്പിലും എകെപിസിടിഎയുടെ നേതൃത്വത്തിൽ നവംബർ 19 ന് കൂട്ടധർണ നടത്തുന്നതാണ്.

ഈ സമരം വിജയിപ്പിക്കുന്നതിന് എകെപിസിടിഎ അംഗങ്ങളെല്ലാം മുന്നിട്ടിറങ്ങണമെന്ന് സംസ്ഥാന കമ്മിററി ആഹ്വാനം ചെയ്യുന്നു.

---

## പ്രൊഫ. നാരയണറാവുവും പത്നിയും തീപ്പൊള്ളലേററ് മരിച്ചു

കൊല്ലം ഫാത്തിമാകോളേജിലെ കോമേഴ്സ് പ്രൊഫസർ വി. നാരായണറാവും പത്നിയും മണ്ണെണ്ണസ്ററൗവിൽ നിന്നും തീ ആളിപ്പടർന്നുണ്ടായ അപകടത്തിൽ മരിച്ചു.

എ.കെ. പി. സി ടി. എ.യുടെ സജീവപ്രവർത്തകൻ, ഫാക്കൽററി അംഗം, സ്ററാഫ് കോ–ഓപ്പറേററീവ് ബാങ്കിൻെറ സ്ഥാപകൻ -ഇതഃപര്യന്തമുള്ള സെക്രട്ടറി എന്നീനിലകളിലൊക്കെ പ്രവർത്തിച്ചിരുന്ന പ്രൊഫ. റാവുവിൻേറയും ഒപ്പം പത്നിയുടേയും അപ്രതീക്ഷിതമായമരണം അധ്യാപകരെ ആകെ ദുഃഖത്തിലാഴ്ത്തി.

ബ്രാഞ്ച് യോഗം ചേർന്ന് അനുശോചനം രേഖപ്പെടുത്തി.

## പ്രൊഫ. എഡ്വിൻ ലസ്ലി അന്തരിച്ചു

തുമ്പ സെൻറ് സേവ്യേഴ് കോളേജ് അധ്യാപകൻ പ്രൊഫ. എഡ്വിൻ ലസ്ലി ഹൃദയസ്തംഭനം മൂലം മരിച്ചു. സംഘടനയിലെ സജീവാംഗമായിരുന്നു പ്രൊഫ. ലസ്ലി.

എ കെ.പി.സി.ടി എ – ബ്രാഞ്ചും ജില്ലാ കൗൺസിലും പ്രൊഫ.ലസ്ലിയുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി.

# സെക്രട്ടേറിയററു പടിക്കൽ ധർണ

'ഐഫക്ടോ'യുടെ ആഹ്വാനമനുസരിച്ച് കേരളത്തിലെ കോളേജധ്യാപകർ ഒക്ടോബർ 3 ന് സെക്രട്ടേറിയററു പടിക്കൽ കൂട്ടധർണ നടത്തി.

സർവകലാശാലകളുടെ ജനാധിപത്യ സ്വഭാവം നശിപ്പിക്കുന്ന നടപടി പിൻവലിക്കുക, മെഹ്റോത്ര കമ്മീഷൻ റിപ്പോർട്ട് പ്രസിദ്ധീകരിച്ച് കേരളം ഉൾപ്പെടെയുള്ള എല്ലാസംസ്ഥാനങ്ങളിലും നിർബന്ധമായി നടപ്പാക്കുക, കേന്ദ്രസർക്കാരിന്റെ പുത്തൻ വിദ്യാഭ്യാസനയം ഇന്ത്യയിലെ യൂണിവേഴ്സിററി വിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്ന ഏക സംഘടനയായ ഐഫക്ടോയുമായി ചർച്ചചെയ്യുക, ആദിശേഷയ്യകമ്മീഷൻ റിപ്പോർട്ട് തള്ളികളയുക, എന്നീ ആവശ്യങ്ങൾ ഉന്നയിച്ചായിരുന്നു ധർണ.

ധർണയ്ക്കുമുമ്പ് വി ജെ ടി. ഹാളിനു മുമ്പിൽ നിന്നും പ്രകടനവും ഉണ്ടായിരുന്നു. നിരാഹാരസമരത്തിലേർപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് അഭിവാദ്യമർപ്പിച്ചശേഷമാണ് ധർണ ആരംഭിച്ചത്.

ഐഫക്ടോയുടെ അഖിലേന്ത്യാ വൈസ് പ്രസിഡൻറ് പ്രൊഫ. ടി. വി. ബാലനാണ് ധർണ ഉത്ഘാടനം ചെയ്തത്. എകെപിസിടിഎ ജനറൽ സെക്രട്ടറി പ്രൊഫ. വി. നാരായണൻകുട്ടി, പ്രസിഡൻറ് പ്രൊഫ. ടി. ഗോപാലകൃഷ്ണൻ, സിൻഡിക്കേററംഗം പ്രൊഫ. എ. ആൻറണി, എ കെ ജി സി ടി ജനറൽ സെക്രട്ടറി പ്രൊഫ കെ വി. ജോർജ് എന്നിവർ സംസാരിച്ചു




'ഐഫക്ടോ'യുടെ ആഹ്വാനമനുസരിച്ച് ഒക്ടോബർ 3 ന് എ കെ.പി സി.ടി എ- എ.കെ ജി.സി.ടി, സംഘടനകൾ സെക്രട്ടേറിയററ്പടിക്കൽ നടത്തിയ കൂട്ടധർണ.

അയൽക്കാരൻ എന്നോടു ചോദിച്ചു—
സ്നേഹിതാ, യാത്രയ്ക്കുമുമ്പ്
മാറാപ്പിൽ എന്തൊക്കെ നീ നിറയ്ക്കും ?
ഞാൻ പറഞ്ഞു
പ്രവാചകന്റെ
ഛേദിക്കപ്പെട്ട, ചോരയിററുന്ന വാക്ക്
പ്രഭാതകിരണങ്ങളുടെ ഊഷ്മളത
അരുന്ധതിയുടെ വിശുദ്ധി
അവധൂതന്റെ ഏകാഗ്രത
പിന്നെ,
ബല, അതിബല........
അയാൾ പിന്നെയും ചോദിച്ചു—
സ്നേഹിതാ യാത്രയ്ക്ക്
എന്തൊക്കെയാണ് നിന്റെ വേഷങ്ങൾ ?

# പുറപ്പാട്

## നെല്ലിക്കൽ മുരളീധരൻ

ഞാൻ പറഞ്ഞു—
ഓർമ്മയിൽ നിന്ന്
ഉരിഞ്ഞെടുത്ത മരവുരി
സ്വർഗ്ഗത്തിൽ നിന്ന് മോഷ്ടിച്ചെടു
ത്ത തീയിൽ
ചുട്ടുതല്ലിയ ശരങ്ങൾ
രുദ്രന്റെ മൂന്നാം കണ്ണ്
ശിരസ്സിലൊരു സർപ്പകിരീടം !
അയാൾ പിന്നെയും ചോദിച്ചു—
സ്നേഹിതാ, ഏതൊക്കെ വഴികളിലൂടെയാണ്
നിന്റെ യാത്ര
ഞാൻ പറഞ്ഞു—
രക്തപങ്കിലമായ ന്യായപ്രമാണങ്ങളിലൂടെ
കൂട്ടില്ലാത്ത കിളിയുടെ നിലവിളിയിലൂടെ
ക്രൂശിക്കപ്പെടുന്നവന്റെ മൗനത്തിലൂടെ
അയാൾ പിന്നെയും മറെറാന്നുകൂടി ചോദിച്ചു
സ്നേഹിതാ,
എങ്ങോട്ടാണു നിന്റെ യാത്ര
ഞാൻ പറഞ്ഞു—
ഇലപെയ്യുന്ന ശിശിരത്തിന്റെ മരവിപ്പി
ലേക്കല്ല
ഇടി പടർത്തി
കടൽ കൊളുത്തി
പടവിളിക്കുന്ന കനൽ മഴയിലേക്ക്

# നെല്ലിക്കൽ മുരളീധരന് ഇടശ്ശേരി അവാർഡ്

ഇടശ്ശേരിയുടെ പേരിലുള്ള 'ശക്തി അവാർഡ്'' ശ്രീ. നെല്ലിക്കൽ മുരളീധരനു ലഭിച്ചു. 'പുറപ്പാട്'' എന്ന കവിതാസമാഹാരത്തിനാണ് അവാർഡ്. എ. കെ. പി. സി. ടി. എ. നിലമേൽ എൻ. എസ്. എസ്. കോളേജ് ബ്രാഞ്ചു സെക്രട്ടറിയായിരിക്കെ രണ്ടാഴ്ചമുമ്പാണ് വാഴൂർ കോളേജിലേയ്ക്ക് ശ്രീ. മുരളിയെ സ്ഥലം മാററിയത്. (രണ്ടു, അസൗകര്യമായ മാററങ്ങൾ)

''കുഴിവെട്ടിമൂടുക വേദനകൾ
കുതികൊൾക ശക്തിയിലേയ്ക്കുനമ്മൾ''
—'പണിമുടക്ക്'' എന്ന കവിതയിലൂടെ ഈ ആഹ്വാനം തന്ന ഇടശ്ശേരിയുടെ പേരിലുള്ള അവാർഡ് മററുപല അവാർഡുകളേക്കാൾ പ്രാധാന്യമർഹിക്കുന്നു.

## സംസ്ഥാനകമ്മിററിയുടെ അനുമോദനം

എകെപിസിടിഎ സംസ്ഥാനകമ്മിററി അംഗമായ ശ്രീ. നെല്ലിക്കൽ മുരളീധരന് ശക്തി അവാർഡ് ലഭിച്ചതിൽ ഒക്ടോബർ 20 ന് എറണാകുളത്തു കൂടിയ യോഗം ഹാർദ്ദവമായി അനുമോദിച്ചു.

ഹതാശമായ കാത്തുനിൽപിന്റെ നിശ്ച
ലതയിലേക്കല്ല
ശിലാകൂടം
കടപുഴക്കി
തുടിമുഴക്കുന്ന കൊടുങ്കാററിലേക്ക്
ചുണ്ടെലിയുടെ കീഴടങ്ങലിലേക്കല്ല;
സിംഹത്തിന്റെവിജയോൻമാദത്തിലേക്ക്
അല്ലെങ്കിൽ
സിംഹത്തിന്റെ വീരമൃത്യുവിലേയ്ക്ക്
പെട്ടെന്നു ഞാൻ കണ്ടത്,
അയാൾ ഒരു ചുണ്ടെലിയായി രൂപം മാറുന്നതും
നോട്ടത്തിനപ്പുറത്തു മറയുന്നതും □
(തിരഞ്ഞെടുത്ത നവീനകവിതകൾ:
പമ്പാപബ്ളിക്കേഷൻസ്)

# എ.കെ.പി.സി.ടി.എ.

## *13-ാം ത്രൈവാർഷിക കൺവൻഷൻ തിരുവനന്തപുരത്ത്*

**വിദ്യാഭ്യാസ സമ്മേളനം, പൊതുസമ്മേളനം, പ്രകടനം**

എ കെ പി സി ടി എ 13–ാമത് ത്രൈവാർഷിക കൺവൻഷൻ വരുന്ന ഫെബ്രുവരിയിൽ വിവിധസമ്മേളനങ്ങളോടും വമ്പിച്ച പ്രകടനത്തോടും തിരുവനന്തപുരത്ത് നടക്കുന്നതാണ്. വിദ്യാഭ്യാസരംഗവും, സംഘടനാപ്രവർത്തനവും നിരവധി വെല്ലുവിളികളെ നേരിടുന്ന ഈ അവസരത്തിൽ സംഘടനയുടെ കൺവൻഷന് വലിയപ്രാധാന്യമുണ്ട്. വിദ്യാഭ്യാസ വിരുദ്ധവും അദ്ധ്യാപകവിരുദ്ധവുമായ എല്ലാനടപടികളേയും സംഘടനചെറുത്തുതോൽപ്പിക്കുമെന്നു തെളിയിച്ചുകൊടുക്കുന്നതരത്തിൽ കോളേജ്അദ്ധ്യാപകരുടെവമ്പിച്ചശക്തി പ്രകടനം തിരുവനന്തപുരത്ത്നടത്താൻ സംസ്ഥാന കമ്മിററി ആഹ്വാനം ചെയ്തിട്ടുണ്ട്.

കൺവൻഷൻ വിജയിപ്പിക്കുന്നതിനെക്കുറിച്ചാലോചിക്കാൻ ഒക്ടോബർ3 ന് തിരുവനന്തപുരത്ത് പ്രവർത്തകസമിതിയുടേയും ജില്ലാകൗൺസിലിൻെറയും സംയുക്തയോഗം കൂടി. പ്രൊഫ.പി നരേന്ദ്രൻ കൺവീനറായും ജില്ലാസെക്രട്ടറി ശ്രീ. ജോസഫ് ആൻറണി ജോ:കൺവീനറായും കൺവൻഷൻ എക്സിക്യൂട്ടീവ് രൂപീകരിച്ചു.

## കൺവൻഷൻ കമ്മിററി

**കൺവീനർ:**

പ്രൊഫ: പി. നരേന്ദ്രൻ.

**ജോയിൻറ് കൺവീനർ:**

ശ്രീ. ജി. ജോസഫ് ആൻറണി.

**വൈസ് പ്രസിഡൻറുമാർ:**

പ്രൊഫ. ജോസഫ്മാത്യു.
പ്രൊഫ. എം. എൻ. കുഞ്ഞുരാമൻപിള്ള
പ്രൊഫ എ. ആൻറണി.
പ്രൊഫ. ആർ. രവീന്ദ്രൻ നായർ.
പ്രൊഫ. എൽ. ജി. വർഗ്ഗീസ്.

## കമ്മിററികൾ

### ഫിനാൻസ് കമ്മിററി

പ്രൊഫ. സി. കെ. ഗോപി
(കൺവീനർ)
,, കെ. ജി. രാമൻപിള്ള.
,, ഇ. പി. എസ്. ഭട്ടതിരി
,, ജെ. ജോൺ.
,, എം. എൻ. കുഞ്ഞുരാമൻപിള്ള.
,, ജോസഫ് ആൻറണി
,, എസ്. ശിവൻ.

### ഫുഡ് ആൻറ് അക്കോമഡേഷൻ

പ്രൊഫ. കെ. വി. ആൻറണി
(കൺവീനർ)
,, എസ്. വിശ്വനാഥൻ
,, ജോസഫ്. ടി. പാമ്പക്കൽ
,, ആൻറണി ഈപ്പൻ
,, എം. കെ. ഗോപിനാഥൻ നായർ
,, എസ്. കൃഷ്ണൻ നായർ
,, എം. ചന്ദ്രബാബു
,, ഐ. ജോസഫ് ദാസ്
,, കെ. രവീന്ദ്രൻ

(ശേഷം 9ാം പേജിൽ)

# ജില്ലകളിൽ നിന്ന്

## മലപ്പുറം

### എൻ. എസ്. എസ്. മാനേജ്മെൻറിൻെറ സ്ഥലംമാററദ്രോഹത്തിൽ പ്രതിഷേധം

സംഘടനയുടെ സജീവപ്രവർത്തകരായ അധ്യാപകരെ അസൗകര്യപ്രദമായി സ്ഥലം മാററിദ്രോഹിക്കുന്ന എൻ എസ്. എസ്. മാനേജ്മെൻറ് നയത്തിൽ എകെപിസിടിഎ മലപ്പുറം ജില്ലാകൗൺസിൽ ശക്തിയായി പ്രതിഷേധിച്ചു പ്രിൻസിപ്പലിൻെറ ദുർനടപടികൾ ചൂണ്ടിക്കാണിച്ചുകൊണ്ട് മഞ്ചേരി എൻ. എസ്. എസ്. കോളേജിലെ മൊത്തം അധ്യാപകരും ഒപ്പിട്ടുസമർപ്പിച്ച പരാതിയിൽ യാതൊരുനടപടിയും സ്വീകരിക്കാത്ത മാനേജ്മെൻറ് പരാതികൊടുത്തവരെ സ്ഥലം മാററിയത് അന്ത്യന്തം പ്രതിഷേധാർഹമാണെന്ന് ജില്ലാകൗൺസിൽ അഭിപ്രായപ്പെട്ടു. കാസർഗോഡ് കോളേജിൽ പോലീസ് നടത്തിയ ക്രൂരമായ ലാത്തിച്ചാർജിൽ യോഗം പ്രതിഷേധിച്ചു. അധ്യാപകരെയും വിദ്യാർത്ഥികളെയും മർദ്ദിച്ച പോലീസ് ഉദ്യോഗസ്ഥന്മാരെ മാതൃകാപരമായി ശിക്ഷിക്കണമെന്നും യോഗം അഭിപ്രായപ്പെട്ടു. സ്വകാര്യ മേഖലയിൽ 15 പോളിടെക്നിക്കുകൾ അനുവദിക്കാനുള്ള സർക്കാർ നീക്കം ഉപേക്ഷിച്ച് വിദ്യാർത്ഥിസമരം ഒത്തുതീർപ്പിലെത്തിക്കണമെന്ന് യോഗം ഗവൺമെൻറിനോടാവശ്യപ്പെട്ടു.

കൺവൻഷൻ സ്പെഷ്യലിലേയ്ക്ക് പരസ്യശേഖരണത്തിന് വിവിധകോളേജുകൾക്കുള്ളക്വാട്ട നിശ്ചയിച്ചു. കഴിഞ്ഞകൺവൻഷൻ–ജൂബിലിസ്പെഷ്യലുകളുടെ ഇനിയുംപിരിഞ്ഞുകിട്ടാനുള്ള തുക എത്രയും വേഗം പിരിക്കാനും യോഗം തീരുമാനിച്ചു.

തളിപ്പറമ്പു കോളേജിലെ സമരം ഒത്തുതീർപ്പിലെത്തിയ സാഹചര്യവും, പ്രവർത്തകസമിതി തീരുമാനങ്ങളും ജനറൽ സെക്രട്ടറി യോഗത്തിൽ വിവരിച്ചു. ജില്ലാപ്രവർത്തകറിപ്പോർട്ട് സെക്രട്ടറി ശ്രീ എ. പ്രതാപചന്ദ്രൻനായർ അവതരിപ്പിച്ചു. സർവ്വശ്രീ. എ ശിവരാമൻ, ഡി. സോമനാഥമേനോൻ തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു. ശ്രീ. ടി. പി ഹബീബ്റഹ്മാൻ അധ്യക്ഷതവഹിച്ചു.

## പാലക്കാട്

### ലാത്തിചാർജ്: കുററക്കാരെ ശിക്ഷിക്കണം

കാസർഗോഡ് ഗവ: കോളേജിൽ ക്ലാസ്സുമുറികളിൽ കയറി അധ്യാപകരേയും വിദ്യാർത്ഥികളേയും പോലീസ് മർദ്ദിച്ച നടപടിയെ പാലക്കാട് ജില്ലാകൗൺസിൽ ശക്തിയായി അപലപിച്ചു. കുററവാളികളായ പോലീസുകാരെ കർശനമായി ശിക്ഷിക്കണമെന്ന് യോഗം ആവശ്യപ്പെട്ടു.

സംഘടനാ പ്രവർത്തകരെ യാതൊരു തത്വദീക്ഷയുമില്ലാതെ സ്ഥലംമാററുന്ന എസ്. എൻ–എൻ. എസ് എസ് മാനേജ്മെൻറുകളുടെ നടപടിയിൽ യോഗം അമർഷം രേഖപ്പെടുത്തി. വ്യക്തമായ മാനദണ്ഡങ്ങളുടെ പേരിൽ മാത്രമേ സ്ഥലംമാററം നടത്താവൂ എന്ന് കൗൺസിൽ മാനേജ്മെൻറിനോട് ആവശ്യപ്പെട്ടു.

സ്വകാര്യമേഖലയിൽ പോളിടെക്നിക്കുകളും ആയുർവ്വേദകോളേജുകളും അനുവദിക്കാനുള്ള സർക്കാർതീരുമാനം പുന:പരിശോധിക്കണമെന്നും വിദ്യാർത്ഥികൾ നടത്തിവരുന്ന സമരം ഒത്തുതീർപ്പാക്കണമെന്നും യോഗം സർക്കാരിനോട് ആവശ്യപ്പെട്ടു.

ഒക്ടോബർ 10 ന് പാലക്കാട്ട് നടന്ന കൗൺസിൽ യോഗത്തിൽ ജില്ലാപ്രസിഡൻറ് പ്രൊഫ കെ. ആർ. മോഹൻദാസാണ്, അധ്യക്ഷതവഹിച്ചത്. ജില്ലാസെക്രട്ടറി പ്രൊഫ. വിജയശങ്കർ റിപ്പോർട്ടവതരിപ്പിച്ചു.

## തിരുവനന്തപുരം

### കാട്ടാക്കടകോളേജ് പ്രിൻസിപ്പൽ അധ്യാപകർക്കെതിരേ—

അങ്ങാടിയിൽ തോററതിന് അമ്മയോട് എന്നപോലെയാണ് കാട്ടക്കട ക്രിസ്ത്യൻ കോളേജ് പ്രിൻസിപ്പലിൻെറ ഉറഞ്ഞുതുള്ളൽ. മാനേജ്മെൻറും പ്രിൻസിപ്പലും തമ്മിലുള്ള സൗന്ദര്യപ്പിണക്കത്തിന് അധ്യാപകരെ ബലിയാടാക്കാനാണ് പ്രിൻസിപ്പൽ തയ്യാറാ യത്. അദ്ദേഹത്തിനാവശ്യമുള്ള ഫിലോസഫി ബി. എ. കോഴ്സിന് മാനേജ്മെൻറ് അപേക്ഷിക്കാതിരുന്നതിലുള്ള വൈരാഗ്യത്തിൽ തുടങ്ങിയതാണ് പ്രശ്നങ്ങൾ. കോളേജ് നടത്തിപ്പിൽ പ്രിൻസിപ്പലിൽ നിന്നുണ്ടാകുന്ന വീഴ്ചകൾക്കെതിരേ മാനേജുമെൻറും നീങ്ങി. ഈ ഘട്ടത്തിലാണ് പ്രശ്നം വഴിതിരിച്ചുവിടുന്നതിനായി പ്രിൻസിപ്പൽ അധ്യാപകർക്കെതിരേ ആക്രമണം ആരംഭിച്ചത്, കോളേജ് ചുവരുകളിൽ അധ്യാപകരെക്കുറിച്ചു ആഭാസത്തരങ്ങൾ എഴുതിവയ്പിക്കുക, ചിലവിദ്യാർത്ഥികളെ തെററിദ്ധരിപ്പിച്ച് സമരംചെയ്യിക്കുക തുടങ്ങിയ തരംതാണ അടവുകളും പ്രിൻസിപ്പൽ പയററി. പക്ഷേ വെളുക്കാൻ തേച്ചത് പാണ്ടായി.

മാനേജ്മെൻറിന് പ്രിൻസിപ്പലിൽ വിശ്വാസമില്ലെങ്കിൽ അദ്ദേഹം രാജിവയ്ക്കണം. അല്ലെങ്കിൽ വിശ്വാസമുണ്ടാക്കാനുള്ള തന്ത്രങ്ങൾ ആവിഷ്കരിക്കണം. അതൊക്കെ അദ്ദേഹത്തിൻെറ കാര്യം. ഇതിൻെറ പേരിൽ അധ്യാപകരുടെ മേക്കിട്ടുകയറേണ്ട കാര്യമില്ലെന്ന് ഞങ്ങൾ ഓർമ്മിപ്പിക്കുന്നു. അങ്ങനെയുണ്ടായാൽ എല്ലാതരത്തിലും അതിനെ ചെറുക്കാൻ അധ്യാപകസംഘടന നിർബന്ധിതമാകുമെന്നും പ്രിൻസിപ്പലിനെ അറിയിക്കുന്നു. ○

---

(7–ാം പേജിൻെറ തുടർച്ച)

# കൺവൻഷൻ കമ്മിററി

### പ്രോഗ്രാം

പ്രൊഫ. കെ. സുകുമാരൻ നായർ (കൺവീനർ)
,, എൻ രാമചന്ദ്രൻ
,, ജോസഫ് സ്കറിയ
,, ടി. എൻ. രാമൻ പിള്ള
,, ജി. പ്രകാശ്
,, കെ. പി. ദിവാകരൻ നായർ
,, ജെ. ഉണ്ണുണ്ണി
,, വി. സുഗതൻ
,, ആർ. രവീന്ദ്രൻ നായർ

### പബ്ളിസിററി

പ്രൊഫ. നന്ദിയോട് രാമചന്ദ്രൻ
പ്രൊഫ. എസ്. ശിവൻ (കൺവീനേഴ്സ്)
,, ആർ. രവീന്ദ്രൻ നായർ
,, കെ. ജഗന്നാഥൻ
,, കെ. ഭാസ്കര കുറുപ്പ്
പ്രൊഫ. ചാക്കോ അധികാരം
,, സി. കെ. ഗോപി
,, കെ. വിജയകൃഷ്ണൻ

### പ്രകടനം

പ്രൊഫ. കെ. രവീന്ദ്രൻ
,, പി. എൻ. ഹരിലാൽ (കൺവീനറൻമാർ)
,, കെ. ആർ. സുരേന്ദ്രൻ
,, പി. എസ്. രാമചന്ദ്രൻ
ഡോ. എൻ. വാസുദേവൻ നായർ
പ്രൊഫ. എസ്. ഹജൂമുഹമ്മദ്
,, ആർ. മോഹന കൈമൾ
,, പി. ഗോപിക്കുട്ടൻ

ഒക്ടോബർ 22 ന് തിരുവനന്തപുരം യൂണിവേഴ്സിററി കോളേജിൽ കൂടിയകൺവൻഷൻ എക്സിക്യൂട്ടീവ് സമ്മേളനത്തിൻെറ രൂപരേഖ ചർച്ചചെയ്തംഗീകരിച്ചു പ്രവർത്തകസമിതിയുടെ അനുവാദത്തിനായി ഇത് സമർപ്പിയ്ക്കും. പ്രവർത്തക സമിതി നവംബർ 10 ന് കൂടുന്നുണ്ട്. ○

# സർസെയ്ത് സമരം വിജയിച്ചു
## എകെപിസിടിഎയുടെ കരുത്തിൻെറ വിജയം

സെപ്തംബർ 26 മുതൽ തളിപ്പറമ്പ് സർസെയ്ത് കോളേജിനുമുമ്പിൽ എകെപിസിടിഎ നടത്തിവന്ന സമരം വിജയകരമായി പര്യവസാനിച്ചു.

ലീവ്‌വേക്കൻസിയിൽ 1979 ൽ സർവ്വീസിൽ ചേർന്ന അൻസാരി, പത്മനാഭൻ എന്നീ അധ്യാപകരെ സ്ഥിരം വേക്കൻസി ഉണ്ടായിട്ടും അതിലേയ്ക്കുമാററാതെ അവിടെ പുതിയ ആളുകളെ നിയമിച്ച മാനേജ്മെൻറു നടപടിക്കെതിരേ ആയിരുന്നു സമരം. രണ്ടധ്യാപകരെ തന്ത്രപൂർവ്വം പുറത്താക്കാനുള്ള മാനേജ്മെൻറ് നീക്കത്തിനെതിരേ എകെപിസിടിഎ ശക്തമായ നിലപാടെടുത്തു. കോഴിക്കോട് യൂണിവേർസിററിയും മാനേജ്മെൻറ് നടപടിയെ എതിർത്തു. സമരം ശക്തമായപ്പോഴ് മാനേജ്മെൻറിന് അവരുടെ തീരുമാനം തിരുത്തേണ്ടിവന്നു. ഈ അധ്യാപകരെ സ്ഥിരംവേക്കൻസിയിലേയ്ക്ക് മാററികൊണ്ട് ഉത്തരവ് ഇറക്കി. അതോടെയാണ് സമരം അവസാനിപ്പിച്ചത്.

ഈ സമരം വിജയിപ്പിക്കുന്നതിൽ എകെപിസിടിഎ തളിപ്പറമ്പ് ബ്രാഞ്ചും കണ്ണൂർ ജില്ലാ കമ്മിററിയും വഹിച്ചപങ്ക് പ്രത്യേകം എടുത്തുപറയേണ്ടതുണ്ട്. അവകാശനിഷേധത്തിൻെറ മുമ്പിൽ ഒരുമിച്ചുനിന്നു പോരാടാൻ കഴിഞ്ഞതുകൊണ്ടാണ് ഈ വിജയം ഉണ്ടായത്.

ജോലിഭദ്രതയ്ക്കെതിരേയുള്ള വെല്ലുവിളി തളിപ്പറമ്പിൽ മാത്രമല്ല കേരളത്തിലാകെ ഇന്നുണ്ടാകുന്നുണ്ട്. തുരുത്തിക്കാട് ബി. എ. എം. കോളേജ്, എറണാകുളം സെൻറ് ആൽബർട്ട്സ്, തൃശൂർ ജില്ലയിൽ സി. എം. സി. മാനേജ്മെൻറുവക വനിതാകോളേജുകൾ എന്നിവിടങ്ങളിലെല്ലാം ഇത്തരം പ്രശ്നങ്ങളുണ്ട്.

തളിപ്പറമ്പിലെ വിജയം, മററുസ്ഥലങ്ങളിൽ പ്രശ്നപരിഹാരത്തിനുള്ള ആവേശമായി തീരട്ടെ. ○

---

# ആദരാഞ്ജലി

## പ്രൊഫ. ഐ. എം. സ്കറിയ

മാർഇവാനിയോസ് കോളേജ്അധ്യാപകനായിരുന്ന പ്രൊഫ. ഐ. എം. സ്കറിയ (57) ഒക്ടോബർ 2–ാം തീയതി ഹൃദയസ്തംഭനം മൂലം നിര്യാതനായി. എ. കെ. പി. സി. ടി. എ. പ്രവർത്തകസമിതിഅംഗം, സെനററംഗം എന്നീനിലകളിൽ അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. അടുത്തകാലത്താണ് അദ്ദേഹം സർവ്വീസിൽ നിന്നും വിരമിച്ചത്.

സംഘടനാപ്രസിഡൻറ് പ്രൊഫ. ടി. ഗോപാലകൃഷ്ണൻ, ജനറൽ സെക്രട്ടറി പ്രൊഫ. വി. നാരയണൻ കുട്ടി, ട്രഷറർ പ്രൊഫ. ടി. കെ. ജി. നായർ, സിൻറിക്കേററംഗം പ്രൊഫ. എ. ആൻറണി തുടങ്ങിയവരും ജില്ലാ ഭാരവാഹികളും പ്രൊഫ. സ്കറിയയുടെ വസതിയിലെത്തി അനുശോചനം അറിയിച്ചു.

## പ്രൊഫ. എൻ. വിജയനാഥ പണിക്കർ

ചങ്ങനാശ്ശേരി എൻ. എസ്. എസ്. ഹിന്ദു കോളേജ് കോമേഴ്സ് പ്രൊഫസർ എൻ വിജനാഥപണിക്കർ അന്തരിച്ചു. മഞ്ചേരി കോളേജ്, പന്തളം കോളേജ്, എം. ജി. കോളേജ് എന്നിവടങ്ങളിൽ അധ്യാപകനായിരുന്നിട്ടുള്ള ഇദ്ദേഹം എ കെ പി സി ടി എ യിലെ സജീവാംഗമായിരുന്നു.

എ കെ പി സി ടി എ ഭാരവാഹികളും എൻ എസ് എസ് കോളേജ് ടീച്ചേർസ് കോ–ഓർഡിനേഷൻ ഭാരവാഹികളും പരേതൻെറ വസതിയിലെത്തി അനുശോചനം രേഖപ്പെടുത്തി.

# Government Orders on the Recommendations of the 4th Kerala Pay Commission relating to Scales of Pay and allied matters. (G. O. (P) 515/85/Fin. dated 16-9-1985)

## RELEVANT EXTRACTS FROM THE G. O.

New Scales of Pay:-

(4) The 4th Kerala Pay Commission, constituted by the Govt. in April, 1983, recommended revised Scales of Pay merging D. A. at 488 points, i. e., the rate of D. A admissible to the employees on 1-5-1983. The commi: formulated 26 standard scales of pay in the place of the existing 31 scales of pay. The Govt. accept the recommendations of the commi. relating to the scales of pay. The existing Scales of Pay and the corresponding revised Scales of Pay which are of relevance to college teachers are given below.

(Both showing rates of increments)

| Post | Existing Scales Rs. | Corresponding revised Scales Rs. |
|---|---|---|
| Jr. Lect. | 470-16-550-18-730-20-830 (20 years) | *975-25-1100-30-1400-40-1270 (23 years) |
| Lect. | 700-25-800-30-890-35-1030-40-1270 (17 years) | 1150-40-1470-50-2270 (24 years) |
| II Gr. Prof. | 910-40-950-50-1550 (13 years) | 1500-60-1560-75-2685 (16 years) |
| I Gr. Prof. | 1125-60-1725 (10 years) | 1950-75-2100-85-2950 (12 years) |
| Principal | 1300-60-1600-75-1900 (9 years) | 2100-85-2440-100-3040 (10 years) |

* Improved scale of pay for the post of Jr. Lecturer suggested by the commission and accepted by the Govt.

### Pay Fixation and Payment of Salary in the revised Scales of Pay

The Commission formulated detailed rules for fixation of pay in the revised Scales. According to the formula for weightage, recommended by the Commission, Weightage is allowed at the rate of ½% "present basic pay" for each completed year of service subject

to a minimum of 5% and a maximum of 15%. The monetary limit for the weightage is Rs. 50 - at the minimum and Rs. 150/- at the maximum. The rules for fixation of pay in the revised scales formulated by the commission are approved by the Govt. (They are given Separately). To the pay fixed as per the 'Fixation Rules', annul increments in the revised scales due up to and including 1-4-1985 Will be added and salary in the revised scales will be paid w. e. f. 1-4-'85. Payment of salary in the revised scales will not be for the period prior to 1-4-'85. For those who opt for dates after 1-4-'85 salary in the revised scale will be paid from the date of option. When payment of salary in the revised rates is made, the payment of interim relief will be stopped. The interim relief paid for the period prior to the date of payment of salary in the revised scales will not be recovered.

**Promotional prospects :-**

## (c) Time-bound grade promotion:–

The commission made a number of recommendations for liberalisation.The Govt. accept the recommendations and order as follows :-

i. Employees in the revised scales of pay ranging from Rs. 550-800 to Rs. 1150-2270 will be allowed promotion to higher grade on completion of 10 years of service and a 2nd higher grade after either 10 years of service in the first higher grade or a total service of 20 years in the two grades together, whichever is earlier.

ii. The benefit of reduction in the number of years for grant of higher grades as above will be extended to the teaching staff of Arts and science and Professional Colleges...........who are governed by the scheme of non-cadre promotion.

x x x x

iv. Direct recruits to posts on revised scales of pay from and above Rs. 1250-2500, subject to item VIII below, will be allowed one higher grade promotion on completion of 10 years of service.

v. ...........The existing benefit of higher grade in the Scale of Pay of Jr. Supt. allowed to L. D. Clerks in aided Schools on complention of a total service of 23 years, will, however, continue.

x x x x

vii. While assigning higer grade, only qualified hands, i. e , those possessing the qualifications prescribed for the promotion post will get the scale of pay of regular promotion post. Unqualified hands will get an appropriate lesser scale of pay to be fixed by Govt. on the merits of each case.

viii. The higher grade to be sanctioned for a category in the normal course will be the scale of pay of the next promotion post in the direct line of promotion subject to the requirement of qualification. In the case of persons not possessing the requisite academic qualification for promotion to such promotion posts an appropriate scale of pay will be fixed as higher grade scale by the Govt...............

Allowances and other additions to Pay.

## (1) Dearness Allowance:

The State Govt. employees and teachers are now paid D. A. based on the pattern followed by the Govt. of India, i. e., one instalment of D. A. for every 8 point increase in the 12-monthly adverage of the A I C P I. The Commission has recomm-

ended that the present pattern may be continued till a new policy lis enunciated and accepted by the Govt. of India. The recommendation is accepted.

Since the New Scales of Pay have been devised merging D. A., ........at 488 points of A I C P I, all subsequent instalments sanctioned on the basis of further increase in C. P. I. have to be regulated with reference to the new pay scales structure. The rates of D. A. and adhoc D. A. admissible as on 1-4-'85 for different revised pay anges are given separately.

## House Rent Allowance

State Govt.employees and teachers will be paid H R A at the revised rates specified below:—

| | | Rate per mensem |
|---|---|---|
| (a) | Employees Working within the limits of City Corporations of Trivandrum, Cochin and Calicut. | 8% of Pay Subject to a maximum of Rs. 150/- |
| (b) | Employees Working at Dt. H. Qs. Taluk H. Qs. in Muncipal Towns and Guruvayoor township. | 6% of Pay Subject to a maximum of Rs. 100/- |
| (c) | All other Places. | Rs. 20/- |

Note :— Employees Working in Trikkakkara who are now getting H R A at the rate applicable to City Corporation area will continue to get the same at the rate specified against (a) above. Employees Working in Ayyanthole, Trichur, and getting H R A at the rate applicable to Dt. H. Qs. will continue to get the same at the revised rate indicated against (b) above.

## Medical Benefits:-

The Commission reviewed the provisions of the Kerala Govt. Servants' Medical Attendance Rules, 1960 and made the following recommendations :—

(a) The existing system of insisting on counter signature of the essentiality certificate by Medical Officers other than Authorised Medical Attendant may be done away with.

(b) The stipulation in the essentiality cartificate that the medicines the costs of which are to be reimbursed were not in stock in the hospital or not stocked in the hospital for supply to Govt. Servants may be deleted and the form of essentiality certificate redesigned.

(c) Provision may be made in the rules for reimbursement of the cost of spectacles purchased by employees for their own use subject to a maximum of Rs. 100/-. The claim should be supported by the essentiality certificate issued by the Authorised Medical Attendant and the voucher or cash memo. This conecssion need be granted to an employee only once during the eatie period of his service.

(d) The charges incurred by an employee for ambulance service may be made reimbursable.

(e) The Kerala Govt. Servants' Medical Attendance Rules may be extended to the employees of the Private Colleges who come under the scheme of direct payment of salaries.

The Govt. accept the recommendations. The Health Dept. Will issue necessary amendments to the Kerala Govt, Servants' Medical Attendance Rules, 1960 on the basis of these orders.

x x x x x

**Deputation Allowance:–** At present, deputation allowance (Special Pay) for deputation from one Dept. of Govt. to another and to foreign service is payble on a slab basis at fixed rates related to the minimum of the scale of pay of the post from which deputation is made. As recommended by the commission the existing system will be discontinued and deputation will be paid at 10% of the basic pay of the employee concerned.

x x x x x

**Hill Tract Allowance:-** The rates of hill tract allowance will stand revised as shown below :—

| Pay range in the revised Pay Scale | Revised rate per month. Rs. |
|---|---|
| Up to and including Rs. 800/- | 60 |
| Above Rs. 800/- but below Rs. 1500/- | 80 |
| Above Rs. 1500/- | 100 |

x x x x x

**Travelling Allowance:–** Based on the recommendations of the commission related to the revised pay, the classification of Officers for purpose of Travelling Allowance will be as shown below:

| | |
|---|---|
| Grade I | Officers in receipt of actual pay of Rs. 2000 and above. |
| Grade II a) | Officers in receipt of actual pay of Rs. 1500/- and above but below Rs. 2000/- |
| Grade II b) | Officers in receipt of actual pay of Rs. 1000/- and above but below Rs. 1500/- |
| Grade III | All other Officers except Class IV |
| Grade IV | Clsss IV Officers. |

The existing rate of Daily Allowance for different grades of officers will be revised as under:—

| Grade of Officer | Rate of Daily Allowance Inside the State Rs. | Out side the State Rs. |
|---|---|---|
| Grade I | 40 | 65 |
| Grade II (a) | 32 | 50 |
| Grade II (b) | 24 | 40 |
| Grade III | 21 | 40 |
| Grade IV | 16 | 30 |

The rate of mileage Allowance for journys by road for special conveyance (motor car) will be revised from 95 paise per K. M. to Rs. 1.25 per K. M. The admissibility for this mileage allowance will be restricted to Grade I Officers in receipt of actual pay of Rs. 2250 and above.

Under the existing provisions in the K S. R, Motor Cycles are not considered as special conveyance and no higher rate of mileage is admissible for journeys performed by them. The commission has recommended that for Grade I and Grade II Officers special mileage allowance at the rate of 30 paise per K. M. may be allowed for journeys for public purpose by motor cycle or scooter owned and maintained by them. The Govt. accept. the recommendation. As in the case of special mileage for car, the registration number of the motor Cycle or scooter should be recorded in the bill claiming T. A. at the special rate allowed for such journeys.

In the place of the existing fixed rates of road mileage for journeys by public conveyance Officers will be paid actual bus fare plus incidental expenses as admissible for journeys in departmental vehicles. Grade I and Grade II Officers will be entitled to travel by express bus and Grade III and Grade IV Officers by fast passenger bus. In emergent cases with the permission of the controlling Officers Grade III and Grade IV Officers can perform journeys in express buses and claim T. A on that basis. The existing provision for claiming road mileage for journeys by rail or road, irrespective of whether the places are connected by rail or not, will continue.

Formal amendments to the K S R will be issued separately.

x x x

## Pension and Related Benifits:-

Orders on the recommendations of the commission on pension and related benefits will be issued separately.

GENERAL:—The orders on revision of the rates of H R A other allowances and additions to pay will take effect from 1-9-1985. Benefits for which no specific date of effect has been indicated will take effect from the date of this order (i. e. 16-9-1985)

The revised scales of pay and other benefits sanctioned will be applicable to full-time State Govt. employees, aided school and Private College Staff including those employed in Private Polytechnies and also employees of local bodies

According to the existing rules, fixation of pay as contemplated under Rule 28A, K S Rs (Part I) will not be applicable to cases of promotion/appointment made from posts carrying a scale of pay, the minimum of which exceeds Rs. 1300/-....... the above limit will be raised to Rs. 2100/-. This enhancement of the limit will take effect from 1-7-1983. Necessary amendment to K S Rs will be issued separately.

The pay fixation statement of those who draw salary on countersigned bills shall be approved by the counter signing authority ......They will forward their option to the officer who counter signs their salary bills. The Option form will be pasted in the Service Book .......

If in any case it is found by the authority competent to approve the pay fixation statement that the option exercised by an employee is invalid on account of his reversion before the date of effect of option such authority may ask the employee to forward re-option within one month from the date of intimation and accept the re-option. if receirvedwith in the time limit. If the re-option is not received within the stipulated time, the employee will be deemed to have opted the revised scale with effect from 1-7-1983.

Arrear claims preferred in pursuance of these orders will be paid without pre-audit in relation of Article 53, Kerala Financial Code Volume I.

x x x

Recoveries will be insisted upon in cases where over payments are made on account of wrong fixation. If an officer competent to fix pay under these orders or approve the pay fixation or countersign the option statement has any doubt in the application of the rules, he shall seek clarification of the Govt. before approving the pay fixation and disbursing the pay.

# SCHEDULE OF PAY SCALES

## Collegiate Education, Arts and Science Colleges

| Designation | Existing Scale of Pay Rs. | Revised Scale of Pay Rs. |
|---|---|---|
